കേരള സർക്കാർ

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി7-1167/16

കേരളാസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം

കൊല്ലം ജില്ല

തീയതി – 14.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടിഞ്ഞാറേ കല്ലട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം - പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിഞ്ഞാറേ കല്ലട.ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-3ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-9 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരളാസംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ-കെ.എൽ.എം.പി .7/57 /2017 തിയ്യതി:

കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിന്റെ

2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലടഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-07-2016മുതൽ 15-12-2016തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.എം.ഗീത | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 15-12-2016 മുതൽ 22-12-2016വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.അജി.കെ.എസ് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | | ശ്രീമതി.ഷീബാകൃഷ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.ശ്രീജ.എസ്സ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.സുനിതാസെബാസ്റ്റ്യൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.തൃദീപ് കമാർ | 01-04-15മുതൽ 19-11-15 വരെ |

| | | | |
|---|---|---|---|
| | | ശ്രീമതി.എസ്.മഞ്ജു | 20-11-15മുതൽ 31-03-16 വരെ |
| സെക്രട്ടറി | : | ശ്രീ.കെ.റ്റി.രാജൻ പണിക്കർ | 01-04-15 മുതൽ 23-02-16 വരെ |
| | | ശ്രീ.പി.ആർ.മോഹനകുമാരൻ | 24-02-16 മുതൽ 31-03-16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| കൃഷി ഓഫീസർ | | .ശ്രീമതി.എസ്.സുനിത | 01-04-15 മുതൽ 31-03-16 വരെ |
| അസി.എഞ്ചിനീയർ | | കുമാരി .എസ്.സരിത | 01-04-15 മുതൽ 31-03-16. വരെ |
| ഹെഡ് മിസ്ട്രസ് | | ശ്രീമതി.സുമംഗലാദേവി | 01-04-15മുതൽ .31-03-16 വരെ |
| .വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീ.രതീഷ് കുമാർ | 01-04-15 മുതൽ .31-03-16വരെ |
| ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | .ശ്രീമതി.സാബുന്നീസ | 01-04-15 മുതൽ .31-03-16 വരെ |
| .ഐ.സി.ഡി.എസ്.സൂപ്പർവൈസർ | | ശ്രീമതി.നസീമ്മാൾ | 01-04-15 മുതൽ 31-05-15 വരെ |
| ..ഐ.സി.ഡി.എസ്.സൂപ്പർവൈസർ | | .ശ്രീമതി.അഞ്ജന | 01-08-15 മുതൽ .31-03-16വരെ |
| .മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | | ഡോ.റിക്കി കൃഷ്ണൻ | 01-04-15മുതൽ .31-03-16. വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | | .ഡോ.ബിമൽ കുമാർ | 01-04-15മുതൽ 31-03-16വരെ |
| വെറ്റിനറി ഡോക്ടർ | | ..ഡോ.ജയകുമാർ | 01-04-15 മുതൽ .25-05-15 വരെ |
| .വെറ്റിനറി ഡോക്ടർ | | .ഡോ.കെ.ജി.സുജാത | 26-05-15മുതൽ .31-03-16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ.പി.ആർ.മോഹനകുമാരൻ | 01-04-15മുതൽ 31-03-16 വരെ |

ഉള്ളടക്കം

| ക്രമ | ഭാഗം 1 | ഖണ്ഡിക | പേജ് |
|---|---|---|---|

| നം. | | നമ്പർ | നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷികധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-1 | |
| 13 | ഡി ആന്റ് ഓ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-2 | |
| 14 | അനധികൃത നിർമ്മാണം ഫീസ് ഈടാക്കിയതിലെ അപാകതകൾ | 2-3 | |
| | ഭാഗം 3 | | |
| 15 | ഓട്ടോറിക്ഷ വാങ്ങൽ-പദ്ധതി തുക വിനിയോഗിച്ചിട്ടും ഓട്ടോ വാങ്ങിയില്ല | 3-1 | |
| 16 | ഘടകസ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ-ആവശ്യകത പരിഗണിച്ചില്ല | 3-2 | |

| | | | |
|---|---|---|---|
| | | | |
| 17 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-1192055/- തടസ്സം | 3-3 | |
| 18 | കുടുംബശ്രീ ആശ്രയ ചലഞ്ച് ഫണ്ടുകൾ തനത് ഫണ്ടിൽ വരവ് വയ്ക്കുന്നു | 3-4 | |
| 19 | കന്നുകുട്ടി പരിപാലനം വിനിയോഗസാക്ഷ്യപത്രമില്ല | 3-5 | |
| 20 | എച്ച്.വി.ഒ മാർക്ക് ഹോണറേറിയം-തനത് ഫണ്ടിൽ നിന്നെടുത്ത തുക തിരികെ ഈടാക്കേണ്ടതാണ്. | 3-6 | |
| 21 | സമഗ്ര നെൽകൃഷി വികസനം-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-7 | |
| 22 | ഇലക്ട്രിക് പോസ്റ്റുകൾമാറ്റി സ്ഥാപിക്കൽ-വിനിയോഗവിവരങ്ങളില്ല | 3-8 | |
| 23 | വെള്ളക്കരം വൻകുടിശ്ശിക നിലനിൽക്കുന്നു | 3-9 | |
| 24 | പശ്ചിമഘട്ടവികസനപദ്ധതി-ബയോഗ്യാസ് പ്ളാന്റ് നിർമ്മാണം പിൻവലിച്ച തുക മുഴുവൻ ചെലവഴിച്ചില്ല | 3-10 | |
| 25 | വാർഷികധനകാര്യപത്രികയിലെ ആസ്തിയുടെ കൃത്യത ഉറപ്പാക്കുവാൻ കഴിയുന്നില്ല | 3-11 | |
| 26 | പശ്ചിമഘട്ടവികസനം-ജി.ഒ.എം.എസ് 16/14 പ്ളാനിംഗ് തീയതി. 30-04-14 മാർഗരേഖ പാലിക്കുന്നില്ല | 3-12 | |
| 27 | റോഡ് കോണ്ക്രീറ്റ് അധിക നിരക്ക് | 3-13 | |

| | | | |
|---|---|---|---|
| | അനുവദിച്ചതിൽ നഷ്ടം | | |
| 28 | ടാർ വീപ്പയുടെ വില ഈടാക്കുന്നില്ല | 3-14 | |
| | ഭാഗം 4 | | |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 30 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 32 | വായ്പാ വായ്പാ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 37 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 | |


## ഭാഗം 1

### പൊതു അവലോകനം

**1-1** ബജറ്റ്

2015-16വർഷത്തെ പുതുക്കിയ ബജറ്റ് 01-03-2016 തിയതിയിലെ II-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

**1-2** **1-2** വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 23-07-2016 | - | - |

**1-3** വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 19-12-2016 | KSA.KLM. 57/2017 dt./02/17 |

1)മുൻവർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല.
2)ബജറ്റ് ഫങ്ഷൻ-ഫങ്ഷണറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.
3)സംയോജിത പ്രോജക്ടുകൾക്ക് മറ്റ് തദ്ദേശ സ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാക്കിയത് ഡി.ഡി മുഖേനെയാണ്.ആയതിനാൽ വിനിയോഗത്തിന്റെ കണക്കുകൾ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.
4)സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽനിന്ന് ഈടാക്കുന്ന വാറ്റ്,ആദായനികുതി,ക്ഷേമനിധി വിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

ade

**1-4** സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -8539217

വരവ് - 33845043

ആകെ - 42384260

ചെലവ് - 40888818

നീക്കിയിരിപ്പ് -1495442

**1-5** ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 202684 | 7479412 | 7682096 | 7682096 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 577800 | 5958639 | 6536439 | 6536439 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | - | 36000 | 36000 | 36000 | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 2085798 | 2085798 | 2085798 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 38399 | 1825047 | 1863446 | 1863446 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 37472 | 3181121 | 3218593 | 3218593 | - | 100 |
| പെർഫോമൻസ് ഗ്രാന്റ് | 2208000 | 2112590 | 4320590 | 4320590 | 0 | |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 15491733 | 15491733 | 15490492 | 1241 | |
| ബി ഫണ്ട് | 0 | 17252722 | 17252722 | 17252722 | 0 | 100 |

**1-6** പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 111 | 54657362 | 80 | 26070118 | | 31 | 72.07 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

## 1-7 <u>തനത് വരുമാനം.</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 33ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2283250 | 1452554 | (-)830696 | (-)36 |
| നികുതിയേതര വരവുകൾ | 3712032 | 570547 | (-)3141485 | (-)84 |
| മറ്റുവരവുകൾ | 5381541 | 5500754 | 119213 | 22 |
| ആകെ | 6181525 | 2023101 | (-)3852968 | (-)33 |

## 1-8 <u>ക്ഷേമപദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 520080 | 577 |
| കർഷകതൊഴിലാളി പെൻഷൻ | 3319470 | 4075 |
| വിധവാപെൻഷൻ | 6399040 | 5951 |
| വാർദ്ധക്യകാലപെൻഷൻ | 4057050 | 5202 |
| വികലാംഗപെൻഷൻ | 2590980 | 2306 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 5 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിത പെൻഷൻ | 164320 | 154 |

## 1-9 <u>ക്യാഷ് വെരിഫിക്കേഷൻ</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-12-16 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32215/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.തനത് ഫണ്ടിൽ നിന്നും വെള്ളക്കരം ഇനത്തിൽ ഭീമമായ തുക ഒടുക്കുവരുത്തുന്നുണ്ട്.ടി ചെലവിന്റെ ആധികാരികത ഉറപ്പുവരുത്തുവാൻ ഭരണസമിതി കൂടി ശ്രദ്ധിക്കേണ്ടതാണ്.പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം ഏറെക്കുറെ തൃപ്തികരമാണ്.ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21/11/2016 | 2016-17ഒക്ടോബർ വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-01-2013മുതൽ 14-02-2013വരെ | 2007-08 മുതൽ 2011-12വരെ | 19-03-2013 |

### ഭാഗം-2

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി-ഈടാക്കിയതിൽ കുറവ്

2015-16 സാമ്പത്തിക വർഷങ്ങളിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പടിഞ്ഞാറെ കല്ലട പഞ്ചായത്ത് പരിധിയിൽ നിലവിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിൽ നിന്നും ഒന്നാം അർദ്ധവർഷ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി രേഖകളില്ല.പ്രസ്തുത അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.4,19-11-16)തുക ഈടാക്കി അറിയിക്കാമെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-2 ഡി ആൻറ് ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിൻെറ അനുമതി കൂടാതെയും അതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായും ഏതെങ്കിലും ഫാക്ടറിയോ,വർക്ക്ഷോപ്പോ,പണിസ്ഥലമോ നിർമ്മിക്കുകയോ സ്ഥാപിക്കുകയോ ചെയ്യാൻ പാടില്ല.(കേ.പ.രാ സെക്ഷൻ 233 എ) എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ കട്ട നിർമ്മാണ കമ്പനികൾ ഡി ആൻറ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി സ്ഥലപരിശോധന നടത്തിയതിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

| ക്രമ നം. | സ്ഥാപനത്തിൻെറ പേര് | വാർഡ് നം | ഉടമയുടെ മേൽവിലാസം |
|---|---|---|---|
| 1. | കോയിപ്പുറത്ത് വയർകട്ട് ബ്രിക്സ്,ഐത്തോട്ടുവാ | 4/87 | ഷാജി കെ.ജി<br>കോയിപ്പുറത്ത് വീട്<br>ഐത്തോട്ടുവാ |
| 2. | കോയിപ്പുറത്ത് വയർകട്ട് ബ്രിക്സ്,ഐത്തോട്ടുവാ | 12/122 | ഷാജി കെ.ജി<br>കോയിപ്പുറത്ത് വീട്<br>ഐത്തോട്ടുവാ |
| 3. | ഐശ്വര്യ വയർകട്ട് ബ്രിക്സ് | 12/117 | ദയാനന്ദൻ,<br>ഐശ്വര്യ,<br>ഐത്തോട്ടുവാ |

| | | | |
|---|---|---|---|
| 4. | രാജു വയർകട്ട് ബ്രിക്സ് | 4/63 | രാജു .ജി<br>നാരകത്ത്<br>പുത്തൻവീട്<br>വലിയപാടം |
| 5. | വർഗ്ഗീസ് & സൺസ് വയർകട്ട് ബ്രിക്സ് | 9/153 | പി.വൈ.വർഗ്ഗീസ്<br>പെരുമ്പള്ളിൽ<br>തറയിൽ<br>ഐത്തോട്ടുവാ |
| 6. | മൂലത്തറ വയർകട്ട് ബ്രിക്സ് | 11/355 | വിശ്വനാഥൻ<br>വിശ്വവിഹാർ<br>ഐത്തോട്ടുവാ |

ആയതിനാൽ ലൈസൻസില്ലാതെ പ്രവർത്തിച്ച മേൽ സൂചിത സ്ഥാപനങ്ങൾക്കെതിരെ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-3 അനധികൃത നിർമ്മാണം -ഫീസ് ഈടാക്കിയതിലെ അപാകത

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235എ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ ടി കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.2015-16 കാലയളവിൽ താൽക്കാലിക നമ്പർ നൽകിയ ചുവടെ പറയുന്ന അപേക്ഷകരിൽ ക്രമ നമ്പർ 2,3 എന്നിവരിൽ നിന്നും ചട്ട പ്രകാരം വസ്തുനികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല.ക്രമ നമ്പർ 1 അപേക്ഷകനിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | അപേക്ഷകന്റെ പേരും മേൽവിലാസവും | വാർഡും/ താത്ക്കാലിക നമ്പരും, | കെട്ടിടത്തിന്റെ തരവും, വിസ്തീർണ്ണവും (ച.മീറ്റർ) | അപേക്ഷ നിരസിക്കപ്പെട്ടതിന്റെ കാരണം | ഈടാക്കിയ വസ്തു നികുതി |
|---|---|---|---|---|---|
| 1 | റഹിം,<br>ആർ.എച്ച്.മൻസിൽ<br>കണത്താർകുന്നം | 2/യു.എ.1 | വാസഗൃഹം, 78.88ച.മീറ്റർ) | കെ.പി.ബി.ആർ., ചട്ട ലംഘനം | - |
| 2 | ലത,<br>വലിയതറ പടിഞ്ഞാറ്റതിൽ,<br>കണത്താർകുന്നം | 2/യു.എ.3 | വാസഗൃഹം, 36ച.മീറ്റർ) | നിലം | 266 |
| 3 | എൽസമ്മ,<br>പുതുമംഗലത്ത്,<br>വലിയപാടം | 3\യു.എ.1 | വാസഗൃഹം, 82ച.മീറ്റർ) | ശാസ്താംകോട്ട കായലിൽ നിന്ന് 50 മീ.പാലിക്കാതെയുള്ള ഗൃഹം | 948 |

| | | | | | |
|---|---|---|---|---|---|

മേൽസൂചിത അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം.3/19-12-2016) നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതി കണക്കാക്കിയപ്പോൾ രണ്ടിരട്ടി വസ്തുനികുതി മാത്രമേ നിർണ്ണയിച്ചിരുന്നുള്ളു ടി പിഴവ് പരിഹരിക്കുന്നതിന് കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തി ബാലൻസ് തുക ഡിമാൻറ് ചെയ്ത് ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 <u>ഓട്ടോറിക്ഷ വാങ്ങൽ-പദ്ധതി തുക വിനിയോഗിച്ചിട്ടുംഓട്ടോറിക്ഷ വാങ്ങിയില്ല</u>

അസി.സെക്രട്ടറിയെ നിർവ്വഹണഉദ്യോഗസ്ഥനായി നിശ്ചയിച്ച പ്രോജക്ട് നം.70/16 പ്രകാരം 'എസ്.സി.വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്ക് ഓട്ടോറിക്ഷാ /പിക്ക് അപ് ഓട്ടോറിക്ഷാ വാങ്ങുന്നതിന് 50000/-രൂപാ സബ്സിഡി അനുവദിക്കുന്നു,ഗുണഭോക്താക്കൾ വായ്പാ ബന്ധിത പ്രോജക്ടായി(ബാങ്ക് വഴി)ഓട്ടോറിക്ഷാ /പിക്ക് അപ് ഓട്ടോറിക്ഷാ വാങ്ങേണ്ടതും സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ബാക്ക് എൻഡഡ് സബ്സിഡിയായി അനുവദിക്കുന്നതുമാണ് 'എന്നിങ്ങനെയാണ് പ്രോജക്ട് വിഭാവനം ചെയ്തത്.വികസനഫണ്ട്(എസ്.സി.പി)ൽ നിന്നും 250000/-രൂപാ വകയിരുത്തുകയുമുണ്ടായി. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

ബിൽ നം.26/15-16 തീയതി. 31-03-16 പ്രകാരം150000/-രൂപാ പിൻവലിച്ച് (3ഗുണഭോക്താക്കളുടെ സബ്സിഡിയിനത്തിൽ)ഡി.ഡി.നം. 038261തീയതി. 07-04-16 പ്രകാരം ഇൻഡ്യൻ ബാങ്ക് മാനേജർക്ക് നൽകിയിട്ടുണ്ട്.

അസി.സെക്രട്ടറിയുടെ 16-03-16 ലെ A1/05/16 -ാംനമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 3 ഗുണഭോക്താക്കൾക്ക് (ശ്രീ.സുനിൽകുമാർ,ശ്രീ.രാധാകൃഷ്ണൻ,ശ്രീ.വികാസ് ) ലോൺ അനുവദിക്കുന്നു എന്നുള്ള നമ്പരും തീയതിയും രേഖപ്പെടുത്തിയിട്ടില്ലാത്ത ഇൻഡ്യൻ ബാങ്ക് മാനേജരുടെ കത്ത് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.ഓട്ടോറിക്ഷാ വാങ്ങിയവരുടെ ലോൺ പാസ്സ്ബുക്ക് ഹാജരാക്കുവാൻ ഓഡിറ്റന്വേഷണം നമ്പർ 7/15-16തീയതി. 19-12-16പ്രകാരം ആവശ്യപ്പെട്ടിട്ടും ആയവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ഈ സാഹചര്യത്തിൽ ബാങ്ക് ലോൺ അനുവദിച്ചതിന് ശേഷമാണോ സബ്സിഡി തുക ബാങ്കിലേയ്ക്ക് നൽകിയത് എന്ന് ഉറപ്പിക്കാനാവില്ല.ആയതിനാൽ മേൽ പരാമർശിത രേഖകളുടെ അഭാവത്തിൽ 2ഗുണഭോക്താക്കൾക്ക് (ശ്രീ.സുനിൽകുമാർ,ശ്രീ.രാധാകൃഷ്ണൻ) നൽകിയ 100000/-രൂപായുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ശ്രീ.വികാസ്,വിശ്ലേഷ് ഭവനം,വലിയപാടം എന്ന വ്യക്തി നാളിതുവരെയും ഓട്ടോറിക്ഷാ വാങ്ങിയിട്ടില്ല.ടിയാന്റെ ഓട്ടോറിക്ഷായുടെ RC ബുക്ക് ഓഡിറ്റന്വേഷണം നമ്പർ 7/15-16 തീയതി. 19-12-16 പ്രകാരം ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല,മാത്രമല്ല ഓഡിറ്റന്വേഷണത്തിനുള്ള മറുപടിയിൽ ടിയാൻ ഓട്ടോറിക്ഷാ വാങ്ങിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.ഇപ്രകാരം സംഭവിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ശ്രീ.വികാസിനായി നൽകിയ സബ്സിഡി തുക 50000/- ഓഡിറ്റ് അംഗീകരിക്കുന്നില്ല.ടി തുക ബാങ്കിൽ നിന്നും തിരിച്ചീടാക്കേണ്ടതാണ്.

### 3-2 <u>ഘടകസ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ-ആവശ്യകതയ്ക്കനുസരിച്ച് വാങ്ങിയില്ല- **65240/-** രൂപായുടെ ഫർണിച്ചർ വിതരണം ചെയ്യാതെ അവശേഷിക്കുന്നു</u>

പ്രോജക്ട് - ഘടകസ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ (പ്രോജക്ട് നം.4/15-16)

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 184000/- (തനത് ഫണ്ട്- 3201, സംരക്ഷണ ഗ്രാന്റ് റോഡിതരം

180799)

ചെലവ് -107120/- ( ബിൽ നം. 19/15-16 തീയതി. 30-01-16)

ഏതൊക്കെ ഘടകസ്ഥാപനങ്ങൾക്ക് വേണ്ടിയാണ് ഫർണിച്ചർ വാങ്ങുന്നതെന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിരുന്നില്ല.ഘടകസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.വാങ്ങിയ സാധനങ്ങളിൽ ചിലവ ഇപ്പോഴും വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു.

ശബരി സ്റ്റീൽ ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും 107120/-രൂപയ്ക്ക്( ഡി.ഡി.നം. 839784 dt.17-02-16) വാങ്ങിയ(ഇൻവോയ്സ് നം.059 dt.19-10-15) ഫർണിച്ചറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫർണിച്ചറിന്റെ ഇനം | എണ്ണം | വില |
|---|---|---|
| കമ്പ്യൂട്ടർ ടേബിൾ | 3 | 5100 |
| സ്റ്റീൽ അലമാര | 5 | 44750 |
| സ്റ്റീൽ റാക്ക് | 6 | 19920 |
| എക്സിക്യൂട്ടീവ് ചെയർ | 4 | 7800 |
| ഓഫീസ് ചെയർ | 15 | 18600 |
| ഓഫീസ് ടേബിൾ | 5 | 10950 |

മേൽ ഫർണിച്ചറുകൾ താഴെ പറയും പ്രകാരം വിട്ടു കിട്ടിയ ഘടകസ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിരിക്കുന്നു.

| ഇനം | എണ്ണം | കൈപ്പറ്റിയ ഘടകസ്ഥാപനങ്ങൾ |
|---|---|---|
| കമ്പ്യൂട്ടർ ടേബിൾ | 2 | അസി.എഞ്ചിനീയർ 1,വി.ഇ.ഓ.ഓഫീസ് 1 |
| സ്റ്റീൽ അലമാര | 3 | എച്ച്.എം 1, മെഡിക്കൽഓഫീസർ 1,വെറ്റിനറി1 |
| സ്റ്റീൽ റാക്ക് | 2 | എച്ച്.എം 1, മെഡിക്കൽഓഫീസർ 1,വെറ്റിനറി1 |
| എക്സിക്യൂട്ടീവ് ചെയർ | 0 | - |
| ഓഫീസ് ചെയർ | 5 | എച്ച്.എം2, മെഡിക്കൽഓഫീസർ 1,വെറ്റിനറി2 |
| ഓഫീസ് ടേബിൾ | 1 | വെറ്റിനറി1 |

വാങ്ങിയ ഫർണിച്ചറുകളിൽ വിതരണം ചെയ്യാതെ ഇപ്പോഴും പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന താഴെ പറയുന്ന ഫർണിച്ചറുകളുടെ വിലയായ 65240/- രൂപാ തടസ്സപ്പെടുത്തുന്നു.

| ഇനം | എണ്ണം | വില |
|---|---|---|
| കമ്പ്യൂട്ടർ ടേബിൾ | 1 | 5100 |
| സ്റ്റീൽ അലമാര | 2 | 17900 |
| സ്റ്റീൽ റാക്ക് | 4 | 13280 |
| എക്സിക്യൂട്ടീവ് ചെയർ | 4 | 7800 |
| ഓഫീസ് ചെയർ | 10 | 12400 |
| ഓഫീസ് ടേബിൾ | 4 | 8760 |

പ്രോജക്ട് വിഭാവനം ചെയ്ത് നടപ്പിൽ വരുത്തുമ്പോൾ ആവശ്യകതയ്ക്കനുസരിച്ചായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.അപ്രകാരം അല്ലാത്തതിനാലാണ് ഫർണിച്ചറുകൾ പഞ്ചായത്തിന്റെ സ്റ്റോക്ക് റൂമിൽ സൂക്ഷിക്കേണ്ടി വരുന്നത്,ആയതിനാൽ മേൽ ഫർണിച്ചറുകൾ വിതരണം ചെയ്ത് വിവരം അറിയിക്കും വരെ വിതരണം ചെയ്യാത്ത സാധനങ്ങൾക്കായി ചെലവഴിച്ച 65240/- രൂപാ തടസ്സത്തിൽ വയ്ക്കുന്നു.

**3-3** <u>വിനിയോഗസാക്ഷ്യപത്രമില്ല- **1192055/-**തടസ്സം</u>

വിവിധ നിർവഹണ ഉദ്യോഗസ്ഥർ വിവിധ പദ്ധതികൾക്കായി നൽകിയിട്ടുള്ള താഴെ പറയുന്ന ചെലവുകളുടെ വിനിയോഗ- പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ നാളിതുവരെയും ലഭ്യമായിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശങ്ങൾ | ചെലവ് വിശദാംശങ്ങൾ |
|---|---|---|
| ഹെഡ് മിസ്ട്രസ്സ് | എസ്.എസ്.എ.വിഹിതം നൽകൽ(നം.13/16 ) | 800000/-DD No.839157 dt.31-10-15 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശാരീരികവെല്ലുവിളിനേരിടുന്നവർക്ക്സ്കൂട്ടർ (നം.45/15-16) | 100000/- DD No.839782 dt.04-12-15 |
| സെക്രട്ടറി | സ്ട്രീറ്റ് മെയിൻ വലിക്കൽ(ജനറൽ) | 140950/-DD No.838874 dt.13-10-15 |
| സെക്രട്ടറി | സ്ട്രീറ്റ് മെയിൻ വലിക്കൽ(എസ്.സി) | 115105/- DD No.838898 dt.14-10-15 |
| അസി.സെക്രട്ടറി | ഐ.എ.വൈ.ഭവനപദ്ധതി(പട്ടികവർഗം)അടവാക്കൽ | 36000/- DD No.037378 dt.28-03-16 |

വിനിയോഗ-പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കും വരെ 1192055/- തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

**3-4** <u>കുടുംബശ്രീ –ആശ്രയ ചലഞ്ച് ഫണ്ടുകൾ തനത് ഫണ്ടിൽ വരവ് വയ്ക്കുന്നു</u>

2015-16 സാമ്പത്തിക വർഷം കുടുംബശ്രീ - ആശ്രയ ചലഞ്ച് ഫണ്ട് ഇനത്തിൽ 23.6.15 ൽ ചെക്ക് നം SBXY0770679 പ്രകാരം 333333/- രൂപ ലഭ്യമായിട്ടുണ്ട്.ചെക്ക് കളക്ഷന് പോയ ശേഷം 333162/- രൂപ 10.7.15 ൽതനത് ഫണ്ട് അക്കൌണ്ടിൽ വരവ് വന്നിട്ടുണ്ട്.9/3/16 ൽ 100000 രൂപ മെമ്പർ സെക്രട്ടറിയായ അസിസ്റ്റന്റ് സെക്രട്ടറിയുടെ റിക്വസിഷൻ പ്രകാരം കുടുംബശ്രീയുടെ പേരിൽ സർവ്വീസ് സഹകരണബാങ്കിൽ ഉള്ള അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ബാലൻസ് ഉള്ള 233162/- രൂപ തനത് ഫണ്ട് അക്കൌണ്ടിൽ തന്നെ കിടക്കുകയാണ്.തനത് വരുമാനം കുറവായ പഞ്ചായത്തിൽ ഇത്തരം പ്രത്യേക ആവശ്യത്തിനായി ലഭ്യമാകുന്ന തുകകൾ അതാത് അക്കൌണ്ടിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്

**3-5** <u>കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ വിവരം ലഭ്യമല്ല</u>

പ്രോജക്ട് നം-20/2016

അടങ്കൽ തുക- 1750000/ രൂപ -( വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം 437500/- രൂപ സംസ്ഥാനാവിഷ്കൃത പരിപാടി /-437500/- രൂപ, ഗുണഭോക്തൃവിഹിതം

(നേരിട്ട് ചെലവഴിക്കുന്നത് - 875000/-)

2015-2016 സാമ്പത്തിക വർഷം വെറ്റിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം പദ്ധതിയിൽ (S0008 /16) ബിൽ നം. 11/ 15 -16 /30.3.2016 പ്രകാരം വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 437500/- രൂപ പിൻവലിച്ച് DD No. 037613/31.3.2016 പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ , കാഫ്ഫീഡ് സബ്സിഡി സ്കീം, കൊല്ലം പേർക്ക് നല്കി. പ്രസ്തുത തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.വിനിയോഗവിവരം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/12.12.2016) ന് മറുപടിയായി പദ്ധതി നടന്നുകൊണ്ടിരിക്കുകയാണെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കും വരെ 437500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-6 HVO-മാർക്ക് ഹോണറേറിയം- തനതു ഫണ്ടിൽ നിന്ന് നൽകിയ ഇലക്ഷൻ കമ്മീഷൻ വിഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷന്റെ 28.10.14 ലെ 552/14/SE നമ്പർ ഉത്തരവ് പ്രകാരം ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക് 2000/- രൂപ ഹോണറേറിയം അനുവദിച്ചിരുന്നു. ഇതിൽ 500/- രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനവും, 1500/- രൂപ ഇലക്ഷൻ കമ്മീഷനും നൽകും എന്നതായിരുന്നു വ്യവസ്ഥ. എന്നാൽ ഇലക്ഷൻ കമ്മീഷൻ വിഹിതം ലഭ്യമാക്കാൻ കാലതാമസം വരുമെന്നതിനാൽ ആയതു കൂടി താൽകാലികമായി പഞ്ചായത്തു ഫണ്ടിൽ നിന്നും നൽകണമെന്നും, ഫണ്ട് ലഭ്യമാകുന്ന മുറക്ക് 1500/- രൂപ നിരക്കിലുള്ള തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റീംബേഴ്സ് ചെയ്തു നൽകുന്നതാണെന്ന് സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷൻ 21.03.15 ലെ 2614/എഫ്/14 നമ്പർ കത്ത് പ്രകാരം അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ 13 HVO മാർക്ക് 2000/- രൂപ നിരക്കിൽ 26000/-രൂപ തനതു ഫണ്ടിൽ നിന്നും വിതരണം ചെയ്തു .(വൗച്ചർ നം.21500054തീ. 4/05/15) എന്നാൽ ഇലക്ഷൻ കമ്മീഷൻ വിഹിതം നാളിതുവരെയായി റീഫണ്ട് ചെയ്ത് ലഭിച്ചിട്ടില്ല. 13 HVOമാർക്ക് 1500/- രൂപ നിരക്കിൽ17500/- രൂപ തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

### 3-7 സമഗ്ര നെല്ലുകൃഷി വികസനം പ്രോജക്ടിലെ അപാകതകൾ 222720/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.S0031/2016

അടങ്കൽതുക-311750/-(വികസനഫണ്ട്-227910/-രൂപ,ജില്ലാപഞ്ചായത്ത്-36000/-,ബ്ലോക്ക്പഞ്ചായത്ത്-21600/-രൂപ,ഗുണ.വിഹിതം നേരിട്ട്ചെലവഴിക്കുന്നത്-26240/- രൂപ),

ചെലവ് തുക-ബിൽ നം-1/15-16തീയതി.13-11-15 200390/-രൂപ

ബിൽ നം-4/15-16തീയതി .5-3-16 27520/-രൂപ

ജില്ലാപഞ്ചായത്ത് ഷെയർ-36000/-(ഡിഡി നം 12715/ 20.3.16)

ബ്ലോക്ക്പഞ്ചായത്ത്-21600/-രൂപ (ചെക്ക് നം.1969108തീയതി. 31-03-2016)

ടി പ്രോജക്ടിൽ ഉൾപ്പെടുത്തി 24ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തിയതിനായി 79 ഗുണഭോക്താക്കൾക്ക് നെൽവിത്ത് സൗജന്യമായും(62790/-രൂപ) പൂട്ട് കൂലിയിനത്തിൽ വികസനഫണ്ട് 86400/- രൂപയും ജില്ലാപഞ്ചായത്ത് ഷെയർ 36000/-രൂപയും ബ്ലോക്ക്പഞ്ചായത്ത് ഷെയർ 21600/-രൂപയും ചെലവഴിച്ചിട്ടുണ്ട്. വളം വാങ്ങിയതിന്റെ 75% സബ്സിഡിയായി 78720/- രൂപയും ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.എന്നാൽ ഗുണഭോക്താക്കൾ വളം വാങ്ങിയതിന്റെയോ നിലം ഉഴുതതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല.മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല. ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി (നം.10 തീയതി.20-12-2016) സ്ഥല പരിശോധന നടത്തി ബോധ്യപ്പെട്ടിട്ടാണ് ആനുകൂല്യം നല്കിയതെന്നും ബില്ലുകളും വൗച്ചറുകളും ഫയലിൽ സൂക്ഷിക്കുവാൻ നിർവ്വാഹമില്ല എന്നും അറിയിച്ചിരിക്കുന്നു.ടി മറുപടി തൃപ്തികരമല്ല.ആയതിനാൽ രേഖകളുടെ അഭാവത്തിൽ പൂട്ടുകൂലിയിനത്തിലും വളം വാങ്ങിയതിന് 75%

സബ്സിഡിയായും ചെലവഴിച്ച 222720/- രൂപ തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-8** ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷം ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (നം : 8 1/16)എന്ന പദ്ധതി പ്രകാരം അടങ്കൽ തുകയായ 76711/-രൂപ വകയിരുത്തി നൽകിയതിൽ,ഗ്രാമപഞ്ചായത്തിലെ തലയിണക്കാവ് (വാർഡ് -14),ഉള്ളുരുപ്പ് (വാർഡ് -9)വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവർത്തികൾക്കുമായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുകകളായ 35900/-രൂപ തനതു ഫണ്ടിൽ നിന്നും (ഡി.ഡി.നം. 251141,7-7-15) , 25685/-രൂപ വികസന (ജനറൽ) ഫണ്ടിൽ നിന്നും (ഡി.ഡി.നം. 36323,26-2-16 ) പിൻവലിച്ച് ശാസ്താംകോട്ടയിലെ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ ആഫീസിന് നൽകിയിട്ടുണ്ട്.

ടി പദ്ധതിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം, കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ ആഫീസിലെ അസിസ്റ്റന്റ് എൻജിനീയറുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18,22-12-16)വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ കത്ത് നൽകിയിട്ടുണ്ട്,ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കാം എന്ന് മറുപടി ലഭിച്ചു. ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ച പദ്ധതിയ്ക്കായി ചെലവാക്കിയ 61585/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-9** വെള്ളക്കരം വൻ കുടിശ്ശിക നിലനിൽക്കുന്നു

എല്ലാ തദ്ദേശ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തണമെന്നും ഇതിനെ തുടർന്ന് ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരം തയ്യാറാക്കുകയും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്നും സ.ഉ.(സാ) നം.1275/2009 /ത.സ്വ.ഭ.വ തീയതി 30-05-2009 ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2015-16സാമ്പത്തിക വർഷം വെള്ളക്കരം ഇനത്തിൽ പ്രതിമാസം 225750/-രൂപ ഒടുക്കു വരുത്തുന്നതായി കാണുന്നു. ടി വർഷം 122/16 പദ്ധതി പ്രകാരം മെയിൻറനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും ജനുവരി ,ഫെബ്രുവരി മാസങ്ങളിലെ തുക ഒടുക്കു വരുത്തുകയും , ബാക്കിയുള്ള മാസങ്ങളിൽ തനത് ഫണ്ടിൽ നിന്നും നിശ്ചിത തുക പിൻവലിച്ച് വെള്ളക്കരം ഒടുക്കു വരുത്തുകയും ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റി എല്ലാ മാസവും നൽകുന്ന ഡിമാൻറ് നോട്ടീസിൽ 522 ടാപ്പുകൾ ഉള്ളതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കൃത്യത ഉറപ്പ് വരുത്തുവാൻ വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോയെന്ന് ആരാഞ്ഞു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.18,22-12-16) പരിശോധന നടത്തിയെങ്കിലും ,റിപ്പോർട്ട് ലഭ്യമായിട്ടില്ലായെന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത് .

കൂടാതെ വാട്ടർ അതോറിറ്റിയുടെ ഡിമാൻറ് നോട്ടീസ് പ്രകാരം 16070280/-രൂപ 29-2-2016 ൽ ഒടുക്കുവരുത്തുവാനുണ്ട് . പ്രതിമാസം 225750/-രൂപ തുക ഒടുക്കു വരുത്തിയിട്ടും വൻ കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി ആയതനുസരിച്ച് വെള്ളക്കരം ഒടുക്കുവാൻ അർഹമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വെള്ളക്കരം ഒടുക്കുന്നതിന് തനതു ഫണ്ടിൽ നിന്നും ഭീമമായ തുക ചെലവഴിക്കുമ്പോൾ ചെലവിൻെറ ആധികാരികത ഉറപ്പ് വരുത്തുന്നതിന് അധികൃതർ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**3-10** പശ്ചിമഘട്ട വികസനപദ്ധതി -ബയോഗ്യാസ് പ്ലാൻറ് നിർമ്മാണം -പിൻവലിച്ച തുക മുഴുവനും വിനിയോഗിച്ചിട്ടില്ല.

പശ്ചിമഘട്ട വികസനപദ്ധതിയിൽ ഉൾപ്പെടുത്തി വലിയപാടം വാട്ടർഷെഡ് ഏരിയായിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാൻറ് നിർമ്മാണത്തിനായി കൃഷിഓഫീസർ ചെക്ക് നം 090342/11.9.15 പ്രകാരം 315000/- രൂപ പിൻവലിച്ച് SORD എന്ന ഏജൻസിക്ക് നൽകിയിട്ടുണ്ട്. 268/11.9.15 നം രസീത് പ്രകാരം തുക ഏജൻസി കൈപ്പറ്റിയിട്ടുണ്ട്.

ആദ്യ വർഷത്തെ 4 ഗുണഭോക്താക്കൾക്ക് 22500/- രൂപ വീതം 90000/- രൂപയും രണ്ടാം വർഷത്തെ 1ഗുണഭോക്താവിന് 22500/- രൂപയും ഉൾപ്പടെ 112500/-രൂപ മാത്രമെ ചെലവായതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് വാട്ടർഷെഡ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. ഗുണഭോക്തൃലിസ്റ്റ്

ഹാജരാക്കിയിട്ടില്ല. തുക പണമായിട്ടാണ് വിതരണം ചെയ്തിരിക്കുന്നത് .അധികമായി പിൻവലിച്ച 202500/- രൂപ ചെലവാക്കിയിട്ടില്ല.ആയത് സംബന്ധിച്ച് നൽകിയ എൻക്വയറി(നം.17തീയതി 22.12.2016)യ്ക്ക് മറുപടി ഹാജരാക്കിയട്ടില്ല. അധികമായി പിൻവലിച്ച് ഏജൻസിക്ക് നൽകിയ 202500/-രൂപ ഏജൻസിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്

## **3-11** വാർഷികധനകാര്യപത്രികയിലെ ആസ്തിയുടെ കൃത്യത ഉറപ്പാക്കുവാൻ കഴിയുന്നില്ല

പഞ്ചായത്തിലെ എല്ലാ ആസ്തികളുടെയും കൃത്യമായ മൂല്യം കണക്കാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ റോഡുകളുടെ നീളം, ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിസ്തൃതി, സർവ്വേ നം. തുടങ്ങിയവയുടെ അളവുകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഓരോ ആസ്തിയും സംബന്ധിച്ച് അത് ആർജ്ജിച്ച വർഷം, ചെലവായ തുക, ആസ്തി ഏത് വിഭാഗത്തിൽപെടുന്നു എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ വാർഡ് നമ്പർ, തേയ്മാന കണക്ക് ഇവയും രേഖപ്പെടുത്തണം, സർക്കുലർ നം 58608/ഡിബി2/2009/തസ്വഭവ തീ 13.1.2010 പ്രകാരം ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിൽ പരിപാലിക്കേണ്ടതാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തേണ്ടതും സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.എന്നാൽ മാത്രമേ വാർഷികധനകാര്യപത്രികയിലെ ആസ്തിയുടെ കൃത്യത ഉറപ്പാക്കുവാൻ കഴിയുകയുള്ളൂ.. ടി വിഷയത്തിൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കൃത്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## **3-12** പശ്ചിമഘട്ട വികസനം-ജി.ഒ.എം.എസ്.**16/2014.**പ്ലാനിംഗ് തീയതി **30.4.14** മാർഗരേഖ പാലിക്കുന്നില്ല

പടിഞ്ഞാറേ കല്ലട ഗ്രാമ പഞ്ചായത്തിൽ പശ്ചിമഘട്ട വികസന പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന രണ്ട് നീർത്തട പദ്ധതികളാണ് ഐത്തോട്ടുവ നീർത്തട പദ്ധതിയും, വലിയപാടം നീർത്തട പദ്ധതിയും. ഐത്തോട്ടുവ നീർത്തട പദ്ധതി പഴകും സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, വലിയപാടം നീർത്തട പദ്ധതി പഴകും സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ തന്നെ പോഷക സോസൈറ്റിയായ എസ്.ഒ.ആർ.ഡി യുമാണ് നിർവഹണം നടത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു,

1. നീർത്തട കമ്മിറ്റി മാസത്തിൽ ഒരു പ്രാവശ്യം ചേരേണ്ടതാണ് എന്ന് പശ്ചിമഘട്ട പദ്ധതി മാർഗ്ഗരേഖയിലെ നീർത്തട കമ്മിറ്റിയുടെ ചുമതലകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.
2. നീർത്തട കമ്മിറ്റി രൂപം കൊടുക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റിന് നീർത്തട ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയിരിക്കണം എന്ന് വ്യവസ്ഥയുണ്ടായിരുന്നിട്ടും നീർത്തട ഗ്രാമസഭയിൽ ഗുണഭോക്താക്കളെ അംഗീകരിച്ചിട്ടില്ല
3. ആക്ഷൻപ്ലാൻ നീർത്തട ഗ്രാമസഭ അംഗീകരിച്ചിട്ടില്ല
4. നീർത്തട കമ്മിറ്റി തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടിക ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യേണ്ടതാണെന്നിരിക്കെ ഈ നടപടി ക്രമം പാലിച്ചിട്ടില്ല
5. നിർവ്വഹണ ഏജൻസികളായ പഴകും സോഷ്യൽ സർവ്വീസ് സൊസൈറ്റി, എസ്.ഒ.ആർ.ഡി എന്നിവ പദ്ധതികളുടെ നിർവഹണം സംബന്ധിച്ച് ജില്ലാ കളക്ടറുമായി ധാരണപത്രത്തിൽ ഏർപ്പെട്ടിട്ടില്ല
6. പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പാക്കുന്ന പ്രോജക്ടുകളും നീർത്തട പ്രോജക്ടുകളും തമ്മിൽ ഇരട്ടിപ്പ് ഉണ്ടാക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിലും കളക്ടറുടെ പ്രോസീഡിംഗ്സിലും പറയുന്നുണ്ടെങ്കിലും ഇവിടെ നെൽകൃഷി വികസനം, മൺകയ്യാല നിർമ്മാണം എന്നീ പ്രവർത്തികൾ ആവർത്തിച്ചിരിക്കുന്നു.
7. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം കൈപ്പറ്റിയ വ്യക്തികൾ ആനുകൂല്യത്തിനായി അപേക്ഷ നൽകിയതിന്റെ രേഖകൾ ലഭ്യമല്ല.

8.നീർത്തട പ്രോജക്ടിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ബില്ലുകളുടേയും വൗച്ചറുകളുടേയും ക്ലെയിമുകളുടേയും തുക നീർത്തട കമ്മിറ്റിയുടെ അഗീകാരത്തോടെയാണ് നൽകേണ്ടതെന്നും പ്രോജക്ട് നിർവ്വഹണ ഏജൻസിയുടെ ക്ലെയിമുകളും ബില്ലുകളും വൗച്ചറുകളും നീർത്തട കമ്മിറ്റിയുടെ അംഗീകാരത്തോടെ പാസ്സാക്കണമെന്നും അതിൻമേൽ നീർത്തട കമ്മിറ്റിയുടെ ചെയർമാനും കൺവീനറും ഒപ്പുവയ്ക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഏജൻസി ഹാജരാക്കിയ ബില്ലുകളും വൗച്ചറുകളും നീർത്തട കമ്മിറ്റി അംഗീകരിച്ചിട്ടില്ല.യാതൊരു മോണിറ്ററിംഗും ഇല്ലാതെ ബില്ലുകൾ ഹാജരാക്കാതെ ഏജൻസി തുക ആവശ്യപ്പെടുമ്പോൾ നല്കുകയാണ് ചെയ്തിരിക്കുന്നത്.
9.പശ്ചിമഘട്ട പദ്ധതിയനുസരിച്ച് നൽകുന്ന സബ്സിഡിക്കുള്ള മാനദണ്ഡങ്ങൾ ത്രിതല പഞ്ചായത്തുകളുടെ വികസന പദ്ധതികൾക്ക് ബാധകമായിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് എന്ന് നിക്ഷ്കർഷിച്ചിട്ടുണ്ടെങ്കിലും സബ്സിഡി

മാർഗ്ഗരേഖ പാലിക്കാതെ ഗുണഭോക്താക്കൾക്കുള്ള സബ്സിഡി പണമായിട്ടാണ് നൽകിയിട്ടുള്ളത്.കൂടാതെ ഏത് മാനദണ്ഡ പ്രകാരമാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചത് എന്ന് വ്യക്തമല്ല.
10.നീർത്തടത്തിലെ പ്രവർത്തനങ്ങൾ മോണിട്ടറിംഗ് കമ്മിറ്റി നേരിട്ട് വിലയിരുത്തേണ്ടതും തുക അനുവദിക്കുന്നതിനായി പദ്ധതി പ്രവർത്തികൾ ചെയർമാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥനും സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണെന്നിരിക്കേ ഇത് പാലിച്ചിട്ടില്ല
11.പരിശോധന സർട്ടിഫിക്കറ്റ് ലഭിച്ചാലുടൻ തന്നെ കൃഷി ഓഫീസർ ഗുണഭോക്താക്കൾക്ക് അർഹതയുള്ള തുകയ്ക്ക് ചെക്ക് എഴുതി ഒപ്പിടുകയും അതിൽ നീർത്തട കമ്മിറ്റി ചെയർമാന്റെ ഒപ്പ് വാങ്ങേണ്ടതുമാണെന്നിരിക്കേ ഗുണഭോക്താക്കൾക്ക് അർഹതയുള്ള തുക ഏജൻസി നേരിട്ട് ഗുണഭോക്താക്കൾക്ക് പണമായി നൽകുകയാണ് ചെയ്തിട്ടുള്ളത്.തുക വിതരണം ചെയ്തിരിക്കുന്ന രജിസ്റ്ററുകൾ പലതിലും തുക എഴുതാതെ ഗുണഭോക്താക്കൾ ഒപ്പിട്ട് നൽകിയിരിക്കുകയാണ് .ഏത് ദിവസം തുക വിതരണം ചെയ്തു എന്നതിന് രേഖകൾ ഇല്ല.
12.ഗുണഭോക്തൃവിഹിതം10% സമാഹരിക്കേണ്ടത് എന്നാണ് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്നത്.ആയത് പിരിക്കേണ്ടത് നീർത്തട കമ്മിറ്റിയുടെയും നീർത്തട ഗ്രാമസഭയുടേയും ചുമതലയാണെന്നിരിക്കേ, ഗുണഭോക്തൃ വിഹിതം സമാഹരിച്ചതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എന്നാൽ ഏജൻസി ഹാജരാക്കിയ വിതരണ രജിസ്റ്റർ പ്രകാരം തെങ്ങിൻ തടം തുറക്കൽ, വെറ്റില കൃഷി, തൊഴുത്ത് നിർമ്മാണം എന്നിവയെല്ലാം ഗുണഭോക്തൃ വിഹിതം ഉൾപ്പടെയുള്ള തുകയാണ് പണമായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത്.
13.പശ്ചിമഘട്ട പദ്ധതി അനുസരിച്ച് സൃഷ്ടിക്കപ്പെട്ടതും ആർജിച്ചതുമായ ആസ്തികൾ പഞ്ചായത്തിന് കൈമാറിയിട്ടില്ല മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 15-16 ലെ ചെലവ് ചെയ്ത724551/-രൂപ തടസ്സപ്പെടുത്തുന്നു.ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഐത്തോട്ടുവ നീർത്തടം | തുക | പദ്ധതികൾ | |
|---|---|---|---|
| ചെക്ക് നം | തുക | പദ്ധതികൾ | അപാകതകൾ |
| 091691/15.6.15 | 864000 | 1.കിണർ റീചാർജ്ജിംഗ് 2.വെജിറ്റബിൾ കൾട്ടിവേഷൻ 3.ജിൻജർ ,പെപ്പർ,വാഴ, കിഴങ്ങ്,വെറ്റില ,ഇടവിള കൃഷി | ഗുണഭോക്തൃ ലിസ്റ്റ് , അപേക്ഷകൾ ഇവയില്ല. സബ്സിഡി തുക ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ വിതരണം ചെയ്തിരി ക്കുന്നതായി ഹാജരാക്കിയ രജിസ്റ്ററിൽ രേഖപ്പെടുത്തി യിരിക്കുന്നു. |
| 091694/6.7.15 | 858888 | തെങ്ങിന് തടംതുറപ്പ് | ,, |
| 091696/30.7.15 | 1100257 | മുട്ടകോഴി, , ഫലവൃക്ഷതൈ | PASS ഏജൻസി തന്നെ |

| | | | |
|---|---|---|---|
| | | വിതരണം<br><br>മാനേജ്മെൻറ് -463387/- രൂപ രേഖകൾ ഹാജരാക്കിയിട്ടില്ല. | അവരുടെ നഴ്സറിയിൽ നിന്ന് മുട്ടകോഴി, ഫലവൃക്ഷതൈ ഇവ വാങ്ങി വിതരണം ചെയ്തതായി ഫയലിൽ രേഖപ്പെട്ടു ത്തിയിട്ടു ണ്ടെങ്കിലും ആയതിൻറെ വിതരണ രേഖകൾ ഹാജ രാക്കിയിട്ടില്ല . സബ്സിഡി തുക ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ വിതരണം ചെയ്തിരി ക്കുന്നതായി ഹാജരാക്കിയ രജിസ്റ്ററിൽ രേഖപ്പെടുത്തി യിരിക്കുന്നു രേഖകൾ ഹാജരാക്കി യിട്ടില്ല. |
| 091697/30.9.15 | 1102893 | കിണർറീചാർജ്ജിംഗ്-295200/-രൂപ,പിസി കൾച്ചർ-87693/-,കിണർ പുനരുദ്ധാരണം-72000/-രൂപ, | കിണർ റീ ചാർജ്ജിംഗ് ഏജൻസി തന്നെ ചെയ്തതായി ബില്ലുകൾ ഹാജരാക്കിയിട്ടു |

| | | | | |
|---|---|---|---|---|
| | | | ണ്ടെങ്കിലും<br>നീർത്തട<br>പ്രോജക്ടിലെ<br>പ്രവർത്തനങ്ങൾ<br>നടപ്പിലാക്കു<br>ന്നതുമായി<br>ബന്ധപ്പെട്ട<br>ബില്ലുകളുടേയും<br>വൗച്ചറുക<br>ളുടേയും<br>ക്ലെയിമുക<br>ളുടേയും<br>തുക<br><br>നീർത്തട<br>കമ്മിറ്റിയുടെ<br>അംഗീകാര<br>ത്തോടെയാണ്<br>നൽകേണ്ട<br>തെന്നും<br>പ്രോജക്ട്<br>നിർവ്വഹണ<br>ഏജൻസിയുടെ<br>ക്ലെയിമുകളും<br>ബില്ലുകളും<br>വൗച്ചറുകളും<br>നീർത്തട<br>കമ്മിറ്റിയുടെ<br>അംഗീകാര<br>ത്തോടെ<br>പാസ്സാക്ക<br>ണമെന്നും<br>അതിൻമേൽ<br>നീർത്തട<br>കമ്മിറ്റിയുടെ<br>ചെയർമാനും<br>കൺവീനറും<br>ഒപ്പുവയ്ക്കേണ്ട<br>തുമാണെന്ന്<br>നിഷ്കർഷിച്ചി<br>ട്ടുണ്ടെങ്കിലും<br>ഏജൻസി<br>ഹാജരാക്കിയ<br>ബില്ലുകളും<br>വൗച്ചറുകളും<br>നീർത്തട<br>കമ്മിറ്റി | |

| | | | |
|---|---|---|---|
| | | | അംഗീക<br>രിച്ചിട്ടില്ല<br>,കൂടാതെ<br>രജിസ്റ്ററിൽ<br>തുക<br>വിതരണം<br>കിണർ<br>പുനരുദ്ധാരണം<br>72000/- രൂപ<br>80പേർക്ക്<br>9000/- രൂപ<br>വീതം വിതരണം<br>ചെയ്തതായി<br>കാണിച്ചിരിക്കുന്നു.<br>വാല്യവേഷൻ ഇല്ല |
| 091698/30.9.15 | 450000 | വെജിറ്റബിൾ<br>കൾട്ടിവേഷൻ-<br>45000/-<br>ജിൻജർകൾട്ടിവേഷൻ-<br>18000/-<br>കിഴങ്ങ് കൃഷി<br>-63000/-<br>വാഴകൃഷി -108000/- | വാഴതൈ,<br>പച്ചക്കറി<br>വിത്ത് ,ഇവ<br>വാങ്ങി<br>വിതരണം<br>ചെയ്തതായി<br>കാണിച്ചിരിക്കുന്നു<br>വെങ്കിലും |

| | | | |
|---|---|---|---|
| | | ഇടവിളകൃഷി- 108000/- തൊഴുത്ത് പുനരുദ്ധാരണം- 90000/- | സബ്സിഡി തുക ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ വിതരണം ചെയ്തിരി ക്കുന്നതായി ഹാജരാക്കിയ രജിസ്റ്ററിൽ രേഖപ്പെടുത്തി യിരിക്കുന്നു |
| ആകെ | 4376038/- | | |

| വലിയപാടം നീർത്തടം | | | |
|---|---|---|---|
| ചെക്ക് നം | തുക /രൂപ | പദ്ധതികൾ | അപാകതകൾ |
| 090333/ 16.4.15 | 405506/- | ട്രെയിനിംഗ്, ഡോക്യു മെൻറേഷൻ | രേഖകൾ ഹാജ രാക്കിയിട്ടില്ല. |
| 090334/ 2.5.15 | 198000/- | തൊഴുത്ത് പുനരുദ്ധാരണം ഒന്നാം വർഷം , രണ്ടാം വർഷം | ഗുണഭോക്തൃ ലിസ്റ്റ് ,അപേക്ഷകൾ ഇവയില്ലസബ്സിഡി തുക ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ (4500+500) 5000/-രൂപ വീതം വിതരണം ചെയ്തിരിക്കുന്നു. ,വാല്വേഷൻ ഹാജരാക്കിയിട്ടില്ല |
| 090335/ 2.5.15 | 1089000/- | കിണർ പുനരുദ്ധാരണം പുനരുദ്ധാരണം ഒന്നാം വർഷം ,രണ്ടാം വർഷം | ഗുണഭോക്തൃ ലിസ്റ്റ് ,അപേക്ഷകൾ ഇവയില്ല വാലുവേഷൻ ഹാജരാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | | |
| 090339/ 20.6.2015 | 988446/- | റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ്-432000/- രൂപ നെൽകൃഷി ,-202500/-(74 പേർക്ക് 1350/-രൂപ വീതം) വെറ്റിലകൃഷി -45000/- ,ഇഞ്ചി കൃഷി, വാഴകൃഷി , ഇടവിളകൃഷി , പിസി കൾച്ചർ, ഫോഡർ കൾട്ടിവേഷൻ | ഗുണഭോക്തൃ ലിസ്റ്റ് ,അപേക്ഷകൾ ഇവയില്ല സബ്സിഡി തുക ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ വിതരണം ചെയ്തിരി ക്കുന്നതായി ഹാജരാക്കിയ രജിസ്റ്ററിൽ രേഖപ്പെടുത്തി യിരിക്കുന്നു |
| 090340/ 20.6.15 | 188522/- | ഫോഡർകൾട്ടി വേഷൻ,റൂഫ് വാട്ടർ ഹാർ വെസ്റ്റിംഗ് | ഗുണഭോക്തൃ ലിസ്റ്റ് , അപേക്ഷകൾ ഇവയില്ല സബ്സിഡി തുക ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ വിതരണം ചെയ്തിരി ക്കുന്നതായി ഹാജരാക്കിയ രജിസ്റ്ററിൽ രേഖപ്പെടുത്തി യിരിക്കുന്നു |
| ആകെ | 2869474/-രൂപ | | |

**3-13** റോഡ് കോൺക്രീറ്റിംഗ് അധിക നിരക്ക് അനുവദിച്ചതിൽ നഷ്ടം

2015-16വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് അനുവദിച്ചിട്ടുണ്ട്. 20.എം.എം.മെറ്റൽ ഉപയോഗിച്ചുള്ള 1:2:4റോഡ് കോൺക്രീറ്റിംഗിന് അനുവദിക്കാവുന്നത് 2014ലെ

D.S.R CODE 4.1.3 അനുസരിച്ചുള്ള നിരക്കാണ്. 31.7.15 വരെ സാങ്കേതികാനുമതി ലഭിച്ച വർക്കുകളിൽ കോസ്റ്റ് ഇൻഡക്സ് 1.419 ഉൾപ്പെടെ കൺവീനർ വർക്കുകളിൽ 6744.96/m3 രൂപയും കരാർ വർക്കുകളിൽ 7756.67/m3രൂപയും അനുവദിക്കുന്നതിന് പകരം കോഡ് 16-42ന് മാറ്റം വരുത്തി (modified) observed data തയ്യാറാക്കിയതനുസരിച്ച് യഥാക്രമം 6962.30 രൂപയും 8006.65രൂപയും അനുവദിച്ചതിനാൽ താഴെപ്പറയും പ്രകാരം രൂപ അധികം നൽകിയിട്ടുണ്ട്.

| പ്രേജക്ട് നം | സാങ്കേതി കാനുമതി | കരാറു കാരൻ | എഗ്രിമെൻറ് | എം.ബുക്ക് അളവ് | അനുവദിച്ച തുക | അനുവദിയ്ക്കാ വുന്നത് | അധികം | ബിൽ നം, തീയതി |
|---|---|---|---|---|---|---|---|---|
| 38/16ലക്ഷം വീട് കോളനി റോഡ് കോൺ ക്രീറ്റിംഗ് | 404/15-16 /AEE/SBP /4.7.15 | റാണദേവ് | 32/AE/WK /09-12-2015 | 13-15/16 20.06m3 | 8006.65 106613.39 | 7756.67 155598.81 | 5013 | 10/15-16 28-03-16 509491 |
| 54/16 മുളയ്ക്കൽ | 89/15-16 | സജയൻ | 18/AE/WK /15-16 26-09-2015 | 15/15-16 28.50 m3 | 8006.65 228189 | 7756.67 221065 | 7124 | 12/15-16 31-03-11 571226 |
| 62/16 എസ്.എൻ. ഡി.പി വടക്കേ പറമ്പിൽ റോഡ് | 96/15-16 AEE/SBP 22.06.15 | അജയ കമാർ കൺവീനർ | 25/AE/WK /15-16 /30.10.15 | 11/15-16 5.49 | 6962.30 38223.03 | 6744.91 37029.5 | 1194 | 19/15-16 /31.3.16 103900 |
| 39/16 കണ്ടേ ലിവിള -ഗവ.യു.പി. എസ് റോഡ് | 78/15-16 AEE/SBP /.22.06.15 | ശശിധരൻ, കൺവീനർ | 25/AE/WK /15-16 /30.10.15 | 11/15-16 13.5 | 6962.31 93991 | 6744.91 91056.28 | 2935 | 20/15-16 /31.3.16 255600 |
| 95/15-16 തയ്യി ശ്ശേരിൽ മുക്ക് -പനച്ചി മൂട്ടിൽ റോഡ് (തനത് ഫണ്ട്) | 126/SBP /22.6.15 | മോഹനൻ, കൺവീനർ | 5/AE/WK /15-16/12.8.15 | 6/15-16 15-78m3 | 6962.30 109865.09 | 6744-98 106434.17 | 3461 | ചെക്ക് നം. 4221227 / 15-12-15 298800 |
| 51/15-16 നമ്പ്യം പുറത്ത് നടപ്പാത (കോൺ ക്രീറ്റിംഗ്) | 86/15-16 AEE/SBP /.226.15 | സുരേഷ് കമാർ കൺവീനർ | 3/AE/WK /15-16/10.8.15 | 5/AE/ 15-16 8.79 | 6962.30 61198 | 6744.91 59287 | 1911 | 4/15-16 7-12-15 173116 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | 21638 | |

21638/-രൂപ അസിസ്റ്റന്റ് എൻജിനീയർ,അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 75000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75000 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2015-16 | 21600 | സമഗ്ര കരനെൽകൃഷി | 0 | 21600 |
| ജില്ലാപഞ്ചായത്ത് | 2015-16 | 50000 | ശാരീരിക മാനസികവെല്ലുവിളിനേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 50000 | - |
| ജില്ലാപഞ്ചായത്ത് | 2015-16 | 36000 | സമഗ്ര കരനെൽകൃഷി | - | 36000 |
| കേന്ദ്രവിഹിതം | 2014-15,15-16 | 854277 | അംഗനവാ ടിപോഷകാഹാരം | 156872 | 697405 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ വലിക്കൽ (ജനറൽ) | | 140950 | പ്രോജക്ട് പൂർത്തീകരിച്ചു (യു.സി.ലഭിച്ചില്ല) | |
| KSEB | സ്ട്രീറ്റ് ലൈൻ വലിക്കൽ (എസ്.സി) | | 115105 | പ്രോജക്ട് പൂർത്തീകരിച്ചു (യു.സി.ലഭിച്ചില്ല | |

**4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

**4-4** വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി ലോൺ തിരിച്ചടവ് | 951/2010 തസ്വഭവ തീയതി 19-03-16 | | 6017116 | 2302400 | 505116 | 3714716 |

.

**4-5** സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

**4-6** ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 571/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1999-2000 | 23 | 571 | കെ.റ്റി.രാജൻപണിക്കർ, സെക്രട്ടറി(റിട്ടേർഡ് ) | 11610101055 dtd.16-10-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | | 2006-07 | 3(11)(3) | തൊഴിൽ രഹിത വേതനം സംബന്ധിച്ച് | ആദ്യ മറുപടി നൽകിയിട്ടുണ്ട് |
| 2002-03 | | 2006-07 | 3(11)(8) | പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് | ആദ്യ മറുപടി നൽകിയിട്ടുണ്ട് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 33845043 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 40888818 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 274138 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9101892 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.1 | | 50000 | ശ്രീമതി.പി.ആർ.മോഹനകുമാരൻ,അസി.സെക്രട്ടറി |
| 3-10 | | 202500 | ശ്രീമതി.എസ്.സുനിത,കൃഷി ഓഫീസർ |
| 3-13 | | 10819<br>10819 | ശ്രീമതി.എസ്.സരിത,അസി.എഞ്ചിനീയർ<br>ശ്രീമതി.ബിനി,അസി.എക്സി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 100000 | ശ്രീ.പി.ആർ.മോഹനകുമാരൻ,അസി.സെക്രട്ടറി |
| 3-2 | 65240 | ശ്രീ.കെ.റ്റി.രാജൻ പണിക്കർ,സെക്രട്ടറി |
| 3-3 | 1192055 | ശ്രീമതി.സുമംഗലാദേവി,ഹെഡ് മിസ്ട്രസ്സ് 800000<br>ശ്രീമതി.അഞ്ജന,ഐ.സി.ഡി.എസ്.സൂപ്പർവൈസർ 100000<br>ശ്രീ.കെ.റ്റി.രാജൻ പണിക്കർ,സെക്രട്ടറി 140950 |

| | | |
|---|---|---|
| | | ശ്രീ.കെ.റ്റി.രാജൻ പണിക്കർ,സെക്രട്ടറി 115105<br>ശ്രീ.പി.ആർ.മോഹനകുമാരൻ,അസി.സെക്രട്ടറി 36000 |
| 3-5 | 437500 | സുജാത,വെറ്ററിനറി സർജ്ജൻ |
| 3-8 | 61585 | ശ്രീ.കെ.റ്റി.രാജൻ പണിക്കർ,സെക്രട്ടറി |
| 3-12 | 7245512 | ശ്രീമതി.എസ്.സുനിത,കൃഷി ഓഫീസർ |
| 3-7 | 222720 | ശ്രീമതി.എസ്.സുനിത,കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.ആർ.മോഹനകുമാരൻ, അസി.സെക്രട്ടറി | വിരമിച്ചു | പന്തപ്ളാവിൽ, മുതുപിലക്കാട് വെസ്റ്റ്,പോരുവഴി |
| ശ്രീമതി.എസ്.സുനിത, കൃഷി ഓഫീസർ | കൃഷി ഓഫീസർ,വെസ്റ്റ്കല്ലട പഞ്ചായത്ത് | സ്വാമികൃപ, പെരുമ്പുഴ,കൊല്ലം |
| ശ്രീമതി.എസ്.സരിത, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,വെസ്റ്റ്കല്ലട പഞ്ചായത്ത് | കൊല്ലയ്യത്ത് വീട്, ചവറബ്രിഡ്ജ്.പി.ഒ, ചവറ |
| ശ്രീമതി.ബിനി, അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ ശാസ്താംകോട്ട ബ്ളോക്ക് പഞ്ചായത്ത് | |

## **4-9** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|
| 1994-95<br>1995-96 | LFQ/P8/1197(5)/14 dt.9.6.14 | 5 |
| 1996-97<br>1997-98 | LFQ/P8/1197(6)/14 dt.9.6.14<br>LFQ/P8/1197(7)/14 dt.9.6.14 | 11<br>1 |
| 1998-99 | LFQP8/1197(8)/14 dt.9.6.14 | 12 |
| 1999-00 | LFQP8/1197(9)/14 dt.20.06.14 | 3 |

| | | |
|---|---|---|
| 2000-01 | LFQP6/1197(10)/14 dt.20.06.14 | 3 |
| 2001-02<br>2002-03 | LFQP8/1197(11)/14 dt.20.06.14<br>LFQP8/1197(12)/14 dt.20.06.14 | 1<br>9 |
| 2003-04 | LFQP8/1197(13)/14 dt.20.6.14 | 14 |
| 2004-05<br>2005-06 | LFQP8/1197(14)/14 dt.20.6.14<br>LFQP8/1197(15) dt.20.6.14 | 12<br>19 |
| 2006-07 | LFQP8/1197(16)/14 dt.20.6.14 | 10 |
| 2007-08 | LFQP8/1197(17)/14 dt.20.06.14 | 11 |
| 2008-09 | LFQP8/1197(18)/14 dt.20.6.14 | 5 |
| 2009-10 | LFQP8/1197(19)/14 dt.20.6.14 | 4 |
| 2010-11&2011-12 | LFQP8/1197(20)/14 dt.20.6.14 | 15 |
| 2012-13 &2013-14 | LFQP8/894/15 dt.20.4.15 | |
| 2014-15 | KSA.KLm P7/1167/16 dt.30-07-16 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം

അനുബന്ധം

വാർഷിക ധനകാര്യപത്രികസാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജാ സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക ,വരവ്ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടിഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം,കൊല്ലം